ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിൽ കടക്കെണിമൂലം 2004-ൽ 3 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. മാത്യു തോമസ്, കൂടംപറമ്പിൽ, കൊക്കയാർ, പീരുമേട്.
2. കുര്യൻ കുര്യൻ, കമ്പനി തെക്കേതിൽ, ബൈസൺവാലി, ഇടുക്കി.
3. മാത്യു ജോൺ, വാണിയംപുരയ്ക്കൽ, രാജകുമാരി, ഇടുക്കി.

(ബി) ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത 3 കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് ധനസഹായം

68 [1007] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിൽ കാർഷിക കടം തിരിച്ചടയ്ക്കാൻ സാധിക്കാത്തതുമൂലം ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കുടുംബത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് പരേതന്റെ ഭാര്യ കാർത്ത്യായനി സമർപ്പിച്ച ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ശ്രീമതി കാർത്ത്യായനി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരേതന്റെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ

69 [1008] ശ്രീ. കെ. മുഹമ്മദാലി :
,, എം. എം. ഹസ്സൻ :
,, എ. കെ. മണി :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

GPM. 2/153/2013—14

LIBRARY ARCHIVES Kerala Legislative Assembly